# കേരളസർവകലാശാല

നം.പി.ആർ.257 (a)/2023 തിരുവനന്തപുരം, തീയതി: 06/12/2023

## പത്രക്കുറിപ്പ്

## 45-ാമത് അഖിലേന്ത്യാ അക്കൗണ്ടിംഗ് കോൺഫറൻസ് 2023 ഡിസംബർ 9,10 തീയതികളിൽ തിരുവനന്തപുരത്ത്

45-ാമത് അഖിലേന്ത്യ അക്കൗണ്ടിംഗ് കോൺഫറൻസ് 2023 ഡിസംബർ 9, 10 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കും. കേരളസർവകലാശാല കൊമേഴ്സ് വകുപ്പും ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ കേരള ബ്രാഞ്ചും സംയുക്തമായാണ് 45-ാമത് അക്കൗണ്ടിംഗ് കോൺഫറൻസിന് ആതിഥേയത്വം വഹിക്കുന്നത്. ഇതോടൊപ്പം അക്കൗണ്ടിംഗ് ഗവേഷണം സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് - ധനകാര്യ അനുബന്ധ വിഷയങ്ങളെ സംബന്ധിക്കുന്ന വിവിധ ചർച്ചകൾക്ക് കോൺഫറൻസ് വേദിയാകും. ഇന്ത്യയിൽ നടന്നു വരുന്ന അക്കൗണ്ടിംഗ് ഗവേഷണ മേഖലയ്ക്ക് പുതുസംഭാവനകൾ നൽകുക എന്നതാണ് അന്താരാഷ്ട്ര സെമിനാർ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ അക്കൗണ്ടിംഗ് രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകരും ഗവേഷകരും പ്രൊഫഷണൽസുമാണ് ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ അംഗങ്ങൾ. 1970 ൽ ഉത്തർപ്രദേശിലാണ് ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ രൂപീകൃതമാകുന്നത്. എല്ലാ വർഷവും ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഇന്ത്യൻ അക്കൗണ്ടിംഗ് കോൺഫറൻസിനും അന്താരാഷ്ട്ര സെമിനാറിനും ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളാണ് ആതിഥേയത്വം വഹിക്കുന്നത്. 45-ാമത് അക്കൗണ്ടിംഗ് കോൺഫറൻസിനാണ് തിരുവനന്തപുരം വേദിയാകുന്നത്.

ഈ വർഷത്തെ അക്കൗണ്ടിംഗ് കോൺഫറൻസിന്റെ മുഖ്യരക്ഷാധികാരി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദുവാണ്. കേരളസർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.(ഡോ.)മോഹനൻ കുന്നുമ്മൽ ആണ് രക്ഷാധികാരി. കേരളസർവകലാശാല കൊമേഴ്സ് വിഭാഗം മേധാവി ഡോ.ഗബ്രിയേൽ സൈമൺ തട്ടിൽ കോൺഫറൻസ് സെക്രട്ടറിയും പ്രൊഫ. ബിജു ടെറൻസ് ഓർഗനൈസിംഗ് സെക്രട്ടറിയുമാണ്. ഡിസംബർ 9 ന് രാവിലെ 10 മണിക്ക് മുൻ സഹകരണ ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ദീപം തെളിയിച്ച് കോൺഫറൻസിന് തുടക്കം കുറിക്കും. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഡോ.ബിജു ജേക്കബ് IA & AS ഉദ്ഘാടന പ്രഭാഷണം നടത്തും. ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ അഖിലേന്ത്യ പ്രസിഡന്റും ജോധ്പൂർ ജയ്നാരായൺ വ്യാസ് യൂണിവേഴ്സിറ്റി കൊമേഴ്സ് വിഭാഗം മേധാവിയുമായ പ്രൊഫ.ജസ്രാജ് ബോഹ്റ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മദ്രാസ് ഐ.ഐ.ടി. മാനേജ്മെന്റ് വിഭാഗം മേധാവി പ്രൊഫ.എം.തേൻമൊഴി, അമേരിക്കയിലെ പ്യൂർട്ടോ റിക്കോ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ജസ്റ്റിൻ പോൾ എന്നിവർ സംബന്ധിക്കും.

കോൺഫറൻസിനോടനുബന്ധിച്ച് മൂന്ന് വിഷയങ്ങളെ അധികരിച്ച് ടെക്നിക്കൽ സെഷനുകൾ സമാന്തരമായി നടക്കുന്നുണ്ട്. കോർപ്പറേറ്റ് മേഖലയിലെ സ്വമേധയായുള്ള അക്കൗണ്ടിംഗ് പ്രസിദ്ധപ്പെടുത്തലുകൾ, നികുതി സംഭവിക്കലും ഒഴിവാക്കലും നിർണയവും, ടെക്നോളജി 4.0 യും അക്കൗണ്ടിംഗും എന്നീ വിഷയങ്ങളെ അധികരിച്ച് ആയിരിക്കും ടെക്നിക്കൽ സെഷനുകൾ നടക്കുക. അക്കൗണ്ടിംഗ് വിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസനയവും, അക്കൗണ്ടിംഗ് ഗവേഷണം എന്നീ മേഖലകളെ അവലംബിച്ചുള്ള രണ്ട്

അന്താരാഷ്ട്ര സെമിനാറുകളും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തും നിന്നുമായി 1200 ൽ അധികം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺഫറൻസിൽ നാന്നൂറോളം ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഗുജറാത്തിലെ ഗോദ്ര ശ്രീ ഗോവിന്ദ് ഗുരു യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. പ്രതാപ് സിംഗ് ചൗഹാൻ, ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പ്രൊഫ. എം എൽ വദേര, ലക്നൗ യൂണിവേഴ്സിറ്റി കോമേഴ്സ് വിഭാഗം മേധാവി പ്രൊഫ അരവിന്ദ് കുമാർ, കൽക്കട്ട യൂണിവേഴ്സിറ്റി മുൻ വകുപ്പ് മേധാവി പ്രൊഫ.സുദീപ്തി ബാനർജി, ഗോവ യൂണിവേഴ്സിറ്റി മുൻ ഡീൻ പ്രൊഫ. ബി. രമേശ് തുടങ്ങിയവർ വിവിധ സെഷനുകളിൽ അധ്യക്ഷത വഹിക്കും. ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നിന്നുള്ള വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ള പ്രമുഖ അധ്യാപകർ പങ്കെടുക്കും.

ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി 60 ൽ അധികം ബ്രാഞ്ചുകൾ ഉള്ള ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷനിൽ നിലവിൽ പതിനായിരത്തിലധികം ആജീവനാന്ത അംഗങ്ങൾ ഉണ്ട്. ഇന്ത്യയിലെ അക്കൗണ്ടിംഗ് വിദ്യാഭ്യാസ രംഗത്തും ഗവേഷണ രംഗത്തും നിസ്തുലമായ സംഭാവനകൾ നൽകാൻ ഈ കാലയളവിനുള്ളിൽ ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷനു സാധിച്ചിട്ടുണ്ട്. മാതൃക കരിക്കുലം, അഖിലേന്ത്യ അക്കൗണ്ടിംഗ് ടാലന്റ് സെർച്ച് പരീക്ഷ, യുവ ഗവേഷക പുരസ്കാരം എന്നിവ ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ട നേട്ടങ്ങളാണ്. ഇന്ത്യൻ ജേർണൽ ഓഫ് അക്കൗണ്ടിംഗ് പ്രസിദ്ധീകരിക്കുന്നതും ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ ആണ്. വിവിധ സംസ്ഥാനങ്ങളിലായി ബ്രാഞ്ചുകളുടെ നേതൃത്വത്തിലും സെമിനാറുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അക്കൗണ്ടിംഗ് എജുക്കേഷൻ ആന്റ് റിസർച്ചിൽ ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ അംഗമാണ്. വിവിധ അക്കൗണ്ടിംഗ് ഗവേഷണ പ്രോജക്ടുകളിൽ അമേരിക്കൻ അക്കൗണ്ടിംഗ് അസോസിയേഷന്റെ പങ്കാളിയുമാണ്. ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ. നയത്തെയും ഗവേഷണത്തെയും സംബന്ധിച്ച ഗൗരവകരമായ ചർച്ചകളാണ് ഇക്കൊല്ലത്തെ കോൺഫറൻസ് ലക്ഷ്യമിടുന്നത്. കോൺഫറൻസിന്റെ ഭാഗമായി ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷന്റെ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയും, വാർഷിക ജനറൽ ബോഡി മീറ്റിങ്ങും നടക്കും. 2023 ഡിസംബർ 10 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ IAS മുഖ്യാതിഥിയായി പങ്കെടുക്കും.

*കൂടുതൽ വിവരങ്ങൾക്ക് : ഡോ.ഗബ്രിയേൽ സൈമൺ തട്ടിൽ, 9496275305*

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240